File No.LSGD-EU1/93/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിൽ അനധികൃത നിർമ്മാണം സംബന്ധിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധന - സെക്രട്ടറിക്കെതിരെയുള്ള ആരോപണം - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.)വകുപ്പ്**

സ.ഉ.(സാധാ) നം.1330/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/07/2021

---

പരാമർശം:- 1 15/09/2020 തീയതിയിലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 166/2019/MPM-ം നമ്പർ അന്വേഷണ റിപ്പോർട്ട്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിൽ അനധികൃത നിർമ്മാണം സംബന്ധിച്ചുള്ള ശ്രീ.മുഹമ്മദ് പർവേസിന്റെ 4521/19,12804/19 എന്നീ പരാതികൾ പരിശോധിച്ച് മുനിസിപ്പൽ സെക്രട്ടറി നടപടി എടുക്കുന്നില്ല എന്ന പരാതിയിന്മേൽ മലപ്പുറം വിജിലൻസ് യൂണിറ്റ് പരിശോധന നടത്തി പരാമർശ പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൻമേലുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. അബ്ദുൽ മജീദിന്റെ ഉടമസ്ഥതയിലുള്ള കെ.പി.കെ. ഫോറിൻ പ്ലാസ എന്ന കെട്ടിടത്തിലെ അനധികൃത നിർമ്മാണ പ്രവർത്തികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിൽ ഉപേക്ഷ വരുത്തുകയും, ബഹു.ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുകയും വഴി കൃത്യവിലോപം നടത്തിയ തിരൂരങ്ങാടി നഗരസഭാ സെക്രട്ടറിക്കെതിരെയുള്ള ആരോപണങ്ങളിൻമേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് .
സെക്രട്ടറി, തിരുരങ്ങാടി മുനിസിപ്പാലിറ്റി (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ